# പ്രവാഹത്തിലെ ശില

**പി.എം.എ ഖാദർ, ശാന്തപുരം**

**ദുഃഖം** ശാശ്വതമാണ്.അതു പറഞ്ഞിട്ടും സംതൃപ്തി വരാത്ത കവി തിരുത്തിപ്പറഞ്ഞു. ശാശ്വതമൊന്നേ ദുഃഖം. തെറ്റാണത്. ശുദ്ധമേ തെറ്റ്. ദുഃഖം ശാശ്വതമല്ല. എന്തിന്, ദുഃഖത്തിന് അസ്തിത്വം പോലുമില്ല. കവിതക്ക് തീവ്രത കിട്ടാൻ പാവങ്ങളായ അനുവാചകരെ കവി തെറ്റിദ്ധരിപ്പിച്ചു. അസ്തമനം വരെ കിളച്ച് സംതൃപ്തിയോടെ അല്പം കഞ്ഞികുടിക്കാനിരുന്ന പിതാവിന്റെ മുമ്പിലിരുന്ന് കൊച്ചുമകൾ പദ്യം പാടി. ദുഃഖത്തിന്റെ പദ്യം. കഞ്ഞിക്കുപോലും കണ്ണീരിന്റെ കയ്പ്! പിതാവ് മുഴുമിപ്പിച്ചില്ല.

നാമെന്തിന് ദുഃഖിക്കണം. ദുഃഖിക്കാതിരിക്കാൻ നമുക്ക് കഴിയും. മുള്ളുകൾ ചിതറിക്കിടക്കുന്ന വഴിയിലൂടെ സൂക്ഷിച്ചു നടന്നാൽ മതി. അല്ലെങ്കിൽ പാദരക്ഷ ധരിച്ചോളൂ. കവി അവന്റെ കൃത്രിമ ദുഃഖവുമായി പോയി തുലയട്ടെ. നഷ്ടം ഉണ്ടായാലല്ലേ ദുഃഖിക്കേണ്ടതുള്ളൂ. എന്നാൽ ജീവിതത്തിൽ നമുക്ക് ഒരു നഷ്ടവും സംഭവിക്കുന്നില്ല. അമ്പതുരൂപക്ക് വാങ്ങിയ വസ്തു ഇരുപത്തഞ്ചു രൂപക്ക് വിറ്റാൽ ഇരുപത്തഞ്ചു രൂപ നഷ്ടമാണെന്ന് വിദ്യാർത്ഥി അധ്യാപകനോടു പറയുന്നു. ഇന്നതു തെറ്റാണ്. എന്തുകൊണ്ടെയാൾ ആ വിലക്കു വിറ്റു എന്നുകൂടി നോക്കേണ്ടതുണ്ട്. ഒരു പക്ഷെ അമ്മയുടെ അമൂല്യമായജീവൻ രക്ഷിക്കാൻ വേണ്ടിയായിരിക്കും. അപ്പോൾ ലാഭമാണ്. വമ്പിച്ച ലാഭം! ജീവിതത്തിന്റെ സൂക്ഷ്മതകളോളം വ്യാപകമാണ് ഈ ഗണിതസൂത്രം. നമ്മുടെ ജീവിതത്തിൽ നഷ്ടമേ സംഭവിക്കുന്നില്ല എന്ന് പല തത്വചിന്തകരും പറഞ്ഞത് ഇതുകൊണ്ടുതന്നെയാണ്.

വലിയ വ്യാമോഹിയാണ് മനുഷ്യൻ എന്ന് ക്രിസ്റ്റി പറഞ്ഞില്ലെങ്കിലും അങ്ങനെത്തന്നെ. എല്ലാം ഞാൻ ഉദ്ദേശിക്കുന്നതുപോലെ സംഭവിക്കണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുന്നു. ഇവിടെ വൈരുദ്ധ്യമുണ്ട്. തികഞ്ഞ വൈരുദ്ധ്യം. എല്ലാം ഒരിക്കൽ സംഭവിക്കില്ല. രാത്രിയും പകലും വല്ലപ്പോഴും ചേർന്നു വന്നിട്ടുണ്ടോ?

തനിക്കനുകൂലമായി സർവ്വവും സംഭവിക്കണമെന്ന്, സംഭവിക്കുമെന്ന് ആരും കാലവുമായി കരാറിലേർപ്പെടുന്നില്ലല്ലോ? മോഹങ്ങൾക്ക് കടിഞ്ഞാണിടുന്നതാണ് നല്ല മാർഗം. കാരണം നമുക്കു ചുറ്റും പടുവഴികളുണ്ട്. ദുഃഖത്തിന്റെ പടുവഴികൾ. മനഃപൂർവം അവയിലേക്ക് സ്വയം കെട്ടഴിച്ചുവിടുന്നതെന്തിന്? കടിഞ്ഞാൺ മുറുക്കിപ്പിടിച്ചാൽ മതി, ഒന്നും സംഭവിക്കില്ല. പക്ഷെ മോഹങ്ങൾ തീരെ വറ്റിപ്പോകരുത്. സ്വപ്നങ്ങളും മോഹങ്ങളും ജീവിതത്തിന്റെ പച്ചിപ്പുകളാണ്. അവയില്ലെങ്കിൽ ജീവിതത്തിന് അസ്തിത്വം പോലുമില്ല. അമിതമാകരുതെന്നു മാത്രം. ഒന്നും സ്വപ്നം കാണാനില്ലാഞ്ഞിട്ടല്ലേ അസ്വസ്ഥത ജനിച്ചത്?.

കാലം അത്യുദാരശീലയാണെന്നതു ശരിതന്നെ. പക്ഷെ ആ ഔദാര്യത്തിന്ന് ഒരു സ്വഭാവമുണ്ട്. നല്കിയതെന്തും തിരിച്ചു വാങ്ങും. മണിമേടയും മരക്കുടിലും എല്ലാം. ആ പതിവിന്നു അപവാദങ്ങളില്ല. ഔന്നത്യത്തെ കാൽക്കീഴിലാക്കിയവന്റെ മുമ്പിൽ കാലം ഒരിക്കലും ഓച്ഛാനിച്ചു നിന്നിട്ടില്ല. അധമന്റെ ഗതികേടോർത്തു കണ്ണീരൊഴുക്കിയിട്ടുമില്ല. അതെല്ലാവരേയും ദ്രോഹിക്കും. ഒരുപാട് ശരങ്ങളുണ്ട് അതിന്റെ ആവനാഴിയിൽ. അവസാനിക്കാത്ത ശരങ്ങൾ. അനാദികാലം മുതൽക്കേ അവ എയ്തു വിനോദിക്കുകയാണ് കാലം. നടാടെ ആ ശരങ്ങൾക്കുമുമ്പിൽ മാറ് കാണിക്കുന്നത് നാമല്ല. അപ്പോൾ നാമെന്തിന് ദുഃഖിക്കണം. കാലത്തിന്റെ കുസൃതിയോടൊത്തു മൗനമായി ചിരിക്കുകയാണ് വേണ്ടത്.

അഭിലാഷങ്ങൾ വഞ്ചകരാണ്. പക്ഷെ, അവക്കു വർണങ്ങളുണ്ട്. നക്ഷത്രങ്ങളുടെ ജാജ്ജ്വല്യതയുണ്ട്. അവ നമ്മുടെ കണ്ണുകളിൽ പ്രകാശം വിതറുന്നു. ഹൃദയങ്ങളെ ത്രസിപ്പിക്കുന്നു. നാം അറിയുന്നതു വൈകിയായിരിക്കും. നമ്മുടെ നയനങ്ങൾ വഞ്ചിക്കപ്പെടുകയാണ്. സൂക്ഷിച്ചു നോക്കുമ്പോഴറിയാം ആ നക്ഷത്രം മൃഗതൃഷ്ണയാണെന്ന്. ആമുത്ത് മീൻകണ്ണാണെന്ന്. അവയുടെ ഉദയം നമ്മെ ആഹ്ലാദിപ്പിക്കാതിരിക്കട്ടെ. അപ്പോൾ ഒരിക്കലും അസ്തമനത്തെച്ചൊല്ലി നാം വേവലാതിപ്പെടുകയില്ല.

ജീവിതത്തെ മനസ്സിലാക്കിയവൻ കൈവന്ന അനുഗ്രഹത്തിനു മുമ്പിൽ പ്രഛന്ന വേഷം ധരിക്കുന്നു. അതിനെ സംശയത്തോടെ വീക്ഷിക്കുന്നു. അനുഗ്രഹത്തിന്റെ വേർപാടിനെ ഓരോ നിമിഷവും പ്രതീക്ഷിക്കുന്നു. സൂര്യൻ ഉദിക്കുന്നത് അസ്തമിക്കുവാനാണെന്ന് അവൻ മനസ്സിലാക്കുന്നു. പൂ വിടരുന്നത് വാടുവാനാണെന്ന് അവനറിയുന്നു. ഒന്നും വേർപിരിഞ്ഞില്ലെങ്കിൽ അവന്ന് നന്ന്. അല്ലെങ്കിലോ, ആ വേർപാട് പ്രതീക്ഷിച്ചതുമാണ്. ഇവിടെയത്രെ ജീവിതത്തിന്റെ സൗഭാഗ്യം.

ഐശ്വര്യത്തിന്റെ അനശ്വരതയിലുള്ള അവിശ്വാസം ദാരിദ്ര്യത്തിന്റെ അസ്വാസ്ഥ്യത്തെ ഇല്ലാതാക്കുന്നു. സമാഗമത്തിലെ വിചാര നിസ്സംഗത വിരഹ ദുഃഖത്തെ നശിപ്പിക്കുന്നു.

ആകാശം തന്നെ പൊളിഞ്ഞു വീണാലും പുറം കാലുകൊണ്ടു തട്ടി നീക്കും എന്ന് ഇഖ്ബാൽ പറഞ്ഞിട്ടുണ്ട്. എന്തു തന്നെ വന്നാലും നിസ്സംഗതയോടെ നേരിടുന്നതിലാണ് ജീവിതത്തിന്റെ വിജയം. ശക്തിയായ പ്രവാഹത്തെ കൂസാതെ തലയുയർത്തി നിൽക്കുന്ന ശില കാലത്തിന്റെ വെല്ലുവിളികളെ പുഛരിക്കുന്നു.

●